**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 283** | **01-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | **(എ) 1. <u>കെ-സ്റ്റോർ പദ്ധതി</u>**<br><br>പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യ ഘട്ടമായാണ് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം കൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>**<u>റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.</u>**<br><br>1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ |

3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ

നിലവിൽ എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. "**കെ-സ്റ്റോർ**" പദ്ധതിയുടെ ഭാഗമായി പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവയും കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി, മിൽമ എന്നിവരുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.

**<u>2. റേഷൻ കാർഡുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ</u>**

സംസ്ഥാനത്ത് 20674 എ.എ.വൈ കാർഡുകളും 266849 പി.എച്ച്.എച്ച് കാർഡുകളും അനുവദിച്ചു. ആധാർ കാർഡ് നമ്പർ റേഷൻ കാർഡുമായി ബന്ധിപ്പിക്കുന്ന ലക്ഷ്യം 100% കൈവരിച്ചു. തെളിമ പദ്ധതി മുഖേന റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി. 'Operation yellow' പ്രകാരം സംസ്ഥാനത്ത് അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽ നിന്നും 41919486/-രൂപ പി ഈടാക്കുകയും 17596 കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യുകയും ചെയ്തു. ഇ- റേഷൻ കാർഡിനോടൊപ്പം PVC കാർഡുകളും നൽകിവരുന്നു.

**3. ഗോഡൗൺ നിർമ്മാണം**

പയ്യന്നൂർ, കോന്നി, വെള്ളരിക്കുണ്ട് എന്നീ സ്ഥലങ്ങളിൽ ശാസ്ത്രീയമായി ഗോഡൗൺ നിർമ്മിക്കുന്നതിന് 16 കോടി 57 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ചു വരുന്നു.

**4. സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി**

സഞ്ചരിക്കുന്ന റേഷൻ കട സംസ്ഥാനത്ത് നിലവിൽ 10 ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**5. സുഭിക്ഷ ഹോട്ടൽ**

വിശപ്പുരഹിത കേരളം പദ്ധതി മുഖേന മിതമായ നിരക്കിൽ ഒരു നേരത്തെ ഭക്ഷണം നൽകുന്നതിനായി ഊണൊന്നിന 5/- രൂപ സബ്സിഡി നൽകി 20/- രൂപ നിരക്കിൽ "സുഭിക്ഷ ഹോട്ടൽ" 14 ജില്ലകളിലായി 50 നിയോജകമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**6. GPS ട്രാക്കിംഗ്**

ഭക്ഷ്യധാന്യങ്ങളുടെ ചോർച്ച പൂർണ്ണമായി തടയുന്നതിലേയ്ക്കും വാതിൽപ്പടി വിതരണം കൃത്യതയോടെ നടപ്പാക്കുന്നതിലേയ്ക്കും സംസ്ഥാനത്ത് വാതിൽപ്പടി വിതരണം നടത്തുന്ന എല്ലാ വാഹനങ്ങളിലും C-DAC ന്റെ സാങ്കേതിക സഹായത്തോടെ GPS ട്രാക്കിംഗ് സംവിധാനം നടപ്പാക്കി വരുന്നു. നിലവിൽ 475 വാഹനങ്ങളിൽ VLC device ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. തൃശ്ശൂർ താലൂക്കിൽ പൈലറ്റ് അടിസ്ഥാനത്തിൽ GPS ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കി. വാഹനങ്ങളുടെ ഗതാഗത പാതയിൽ മനപ്പൂർവ്വമായ വ്യതിയാനം വരുത്തുന്നുണ്ടോ എന്നുള്ള ഡാറ്റ ശേഖരിക്കുകയും ടി വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ടി ആപ്പിന്റെ പ്രവർത്തന പുരോഗതി പരിശോധിച്ച ശേഷം രണ്ടാം ഘട്ടത്തിലായ

| | | | |
|---|---|---|---|
| | | | തൃശ്ശൂർ ജില്ലയിലൊട്ടാകെയും തുടർന്ന് സംസ്ഥാനത്തൊട്ടാകെയും നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിക്കുന്നതാണ്.<br><br>**7. <u>FPS ആപ്പ്</u>**<br><br>റേഷൻ കടകളിൽ മൊബൈൽ ഫോൺ ഉപയോഗിച്ചിട്ടുള്ള ഓൺലൈൻ പരിശോധന സംവിധാനം <u>FPS</u> ഓൺലൈൻ ഇൻസ്പെക്ഷൻ ആപ്ലിക്കേഷനിലൂടെയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പൊതുവിതരണ സംവിധാനങ്ങളിലൂടെ കൂടുതൽ ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സപ്ലൈകോയുടെ ഔട്ട്.ലെറ്റുകൾ മുഖേന നിലവിൽ 13 ഇനം സബ്സിഡി നിത്യോപയോഗ സാധനങ്ങളും കൂടാതെ FMCG ഉൽപ്പന്നങ്ങളും വിതരണം നടത്തി വരുന്നു. സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങൾ എന്നിവ K-store മുഖേനയും വിതരണം നടത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ